# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1339

21.03.2012 ൽ മറുപടിയ്ക്ക്

## ഭരണ സമിതി പിരിച്ചുവിടപ്പെട്ട സഹകരണ ബാങ്കുകളും സംഘങ്ങളും

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീ. ജി.എസ്. ജയലാൽ
ശ്രീ. കെ. രാജു
ശ്രീ. ഇ. കെ. വിജയൻ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) സഹകരണ ബാങ്കുകളിലും സഹകരണ സംഘങ്ങളിലും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിരിച്ചു വിട്ടിട്ടുണ്ടോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ചു സഹകരണ സംഘങ്ങളുടെ ഭരണ സമിതികളെ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 32 പ്രകാരം പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതിൽ ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നിവ എത്ര വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 2 പ്രാഥമിക സഹകരണ ബാങ്കുകളും, 3 പ്രാഥമിക സഹകരണ സംഘങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഈ ഓരോ ഭരണ സമിതിയും പിരിച്ചുവിടാനുണ്ടായ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ?

(സി) ഓരോ സംഘം ഭരണസമിതിയേയും പിരിച്ചു വിടാനുണ്ടായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>സെന്റ് ഡൊമിനിക് കോളേജ് സഹകരണ സംഘം ക്ലിപ്തം നം. കെ. 546, കോട്ടയം</u>

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം ടി സംഘത്തിൽ നിന്നും പിരിഞ്ഞുപോയ ജീവനക്കാരന് കുടിശ്ശികയായ ആനുകൂല്യം നൽകാത്തതു മൂലം സഹകരണ നിയമം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയുണ്ടായി.

2) ആലപ്പുഴ മുൻസിപ്പൽ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നം. 467, ആലപ്പുഴ

ഭരണ സമിതി തുടർച്ചയായി വീഴ്ച വരുത്തുകയും നിയമം, ചട്ടം, നിയമാവലി, രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവയ്ക്കെതിരായി പ്രവർത്തിക്കുകയും, ബോധപൂർവ്വമായ അവഗണന കാണിക്കുകയും ചെയ്തതിനെ തുടർന്ന് ഭരണസമിതിയെ പിരിച്ചുവിടുകയുണ്ടായി.

3) കൊച്ചിൻ അർബൻ സഹകരണ സംഘം ക്ലിപ്തം നം. ഇ. 1093, എറണാകുളം

ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരം നടത്തിയ പരിശോധനയിലും തുടർന്ന് വകുപ്പ് 68 (1) പ്രകാരം നടത്തിയ അന്വേഷണത്തിലുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, സംഘം ഭരണ സമിതിയുടെ കാര്യക്ഷമതയില്ലായ്മ, കെടുകാര്യസ്ഥത, ഭരണകാര്യങ്ങളിൽ കാണിച്ച അലംഭാവം, കൃത്യവിലോപം എന്നിവ കാരണം സംഘത്തിലെ നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരികെ കൊടുക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ചതിനാലും, 4,87,763/- രൂപയുടെ നഷ്ടത്തിന് കാരണക്കാരായതിനാലും സംഘം ഭരണ സമിതിയെ സർചാർജ്ജ് ചെയ്യുകയും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

4) അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. ആർ. 689, തൃശ്ശൂർ

സംഘത്തിന്റെ അരക്കനട്ട് കീ ലോൺ പദ്ധതിയിലെ ക്രമക്കേടുകളും, സ്വകാര്യ മില്ലുകൾക്ക് നെല്ല് വിൽപ്പന, നീതി ഹൈടെക് ലാബ്, കൊയ്ത്ത് യന്ത്രത്തിന് മറ്റു ബാങ്കിൽ തുക നിക്ഷേപിച്ചത്, വായ്പാ വിതരണം, ബാങ്ക് പ്രസിഡന്റിനുള്ള വായ്പ, വായ്പാ പരിധി, പണ്ടം പണയവായ്പ, സ്വർണ്ണാഭരണ ഇൻഷ്വറൻസ് കവറേജ്, നിയമനം എന്നിവയിലുള്ള ക്രമക്കേടുകളും സംഘത്തിന്റെ ഭീമമായ പ്രവർത്തന നഷ്ടം എന്നീ കാരണത്താലും സംഘം ഭരണസമിതിയെ പരിച്ചുവിടുകയുണ്ടായി.

5) <u>എരുവശ്ശേരി സർവീസ് സഹകരണ ബാങ്ക്, കണ്ണൂർ</u>

ഗുരുതരമായ സാമ്പത്തിക ക്രമക്കേടും, സഹകരണ നിയമം, ചട്ടം, നിയമാവലി എന്നിവയ്ക്ക് വിരുദ്ധമായ ഭരണ സമിതിയുടെ തുടർച്ചയായ പ്രവർത്തനം മൂലം ഭരണ സമിതിയെ പിരിച്ചുവിടുകയുണ്ടായി.

സെക്ഷൻ ഓഫീസർ